പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2432

18.12.2012-ലെ മറുപടിയ്ക്ക്

**ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതിലേക്ക് എത്ര ഏക്കർ ഭൂമിയാണ് അളന്ന് തിട്ടപ്പെടുത്തിയത്; വ്യക്തമാക്കുമോ; പ്രസ്തുത നടപടികൾ ആരംഭിച്ചത് എന്നാണ്; നിലവിലുള്ള പുരോഗതി വിശദമാക്കുമോ; | (എ) | പരവൂർ, ചിറക്കര വില്ലേജുകളിൽപ്പെട്ട 95.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 16.4.2010-ലെ ജി.ഒ (ആർ.ടി) നം.523/2010/ഐഡി ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ ലാൻറ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അർത്ഥനാ പത്രം കിൻഫ്ര 20.4.2010-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ജില്ലാ ഭരണകൂടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| ബി) | 2008-ലെ നെൽവയൽ-തണ്ണീർത്തട നിയമം അനുസരിച്ച് ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട എത്ര ഏക്കർ ഭൂമി ഈ ആവശ്യത്തിലേക്കായി ഏറ്റെടുക്കുവാൻ നിശ്ചയിച്ചിരുന്ന ഭൂപ്രദേശത്ത് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയിൽ റവന്യൂ രേഖകൾ പ്രകാരം 'നിലം' എന്ന് രേഖപ്പെടുത്തിട്ടുള്ള 45 ഏക്കർ ഭൂമി നെൽവയൽ- തണ്ണീർത്തട നിയമത്തിൻെറ പരിധിയിൽ വരുന്നതാണ്. |

| | | | |
|---|---|---|---|
| സി) | നിലവിൽ പ്രസ്തുത സ്ഥലത്ത് കിൻഫ്രാ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | സി) | ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഭൂമിയിൽ 45 ഏക്കറോളം ഭൂമി കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൻെറ പരിധിയിൽ വരുന്നതാണ്. ആയതിനാൽ അവശേഷിക്കുന്ന ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിൻെറ പ്രായോഗികത പരിശോധിച്ച് സർക്കാർ നയപരമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ